# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**02/11/2025** **മാർക്ക് - 50**

**10.30am - 12.30pm** **STD - VII** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

| | | |
|---|---|---|
| * മാതാപിതാക്കൾ | * ആരാധന | * കൗമാരം |
| * മിശിഹാ | * നീതി | * സ്നേഹം |
| * ഈസ്റ്റർ | * സാമൂഹ്യ പദ്ധതി | * ദയാവധം |
| * യുവത്വം | * മോശ | * ഞായർ |
| * ഭ്രൂണഹത്യ | * ഇസ്രായേൽ | * ദൈവീക പദ്ധതി |

1. ഓരോരുത്തർക്കും അവകാശപ്പെട്ടത് നൽകാൻ ഒരുവനെ പ്രേരിപ്പിക്കുന്ന പുണ്യം ഏത്?
2. ദിവസങ്ങളുടെ ദിവസം എന്ന് സഭ വിശേഷിപ്പിക്കുന്ന ദിവസം?
3. സ്വർഗ്ഗസ്ഥനായ പിതാവിന്റെ പ്രതിനിധികൾ ആര്?
4. ദൈവത്തിന് മാത്രം അവകാശപ്പെട്ടത് എന്ത്?
5. സീനായ് മലയിൽ വച്ച് ഉടമ്പടിയുടെ രണ്ട് കൽപ്പലകകൾ ദൈവം നൽകിയത് ആർക്ക്?
6. മനുഷ്യന്റെ വളർച്ചയുടെ ഘട്ടങ്ങളിൽ വ്യക്തിത്വവികാസത്തിന്റെ കാലം എന്ന് വിശേഷിപ്പിക്കുന്ന ഘട്ടം ഏത്?
7. എല്ലാ വിശുദ്ധിയുടെയും മാതൃക ആരാണ്?
8. മനുഷ്യജീവന് എതിരെയുള്ള ആക്രമണങ്ങളിൽ ഏറ്റവും നീചവും മനുഷ്യത്വരഹിതവുമായ തിന്മ ഏത്?
9. ദൈവം പ്രത്യേകം തെരഞ്ഞെടുത്ത യാക്കോബിന് നൽകിയ പേര്?
10. സ്ത്രീ-പുരുഷ സമഭാവന ഏത് പദ്ധതിയുടെ ഭാഗമാണ്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5

11. ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനമായ ദൈവിക പുണ്യങ്ങൾ ഏവ?
12. നസ്രത്തിൽ ഈശോ ജീവിച്ചത് എങ്ങനെ?
13. ജന്മനാ മുടന്തനായവനെ സുഖപ്പെടുത്താൻ പത്രോസ് ശ്ലീഹാ പറഞ്ഞത് എന്തായിരുന്നു?

14. ദൈവ പ്രമാണങ്ങളുടെ അടിസ്ഥാനവും സാരാംശവും എന്ത്?

15. ലൈംഗികതയുടെ അടിസ്ഥാനം എന്ത്?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

16. പരിസ്ഥിതി മലിനീകരണവും പ്രകൃതിയെ ചൂഷണം ചെയ്യലും ജീവന് എതിരെയുള്ള തിന്മകൾ ആകുന്നത് എങ്ങനെ?

17. മോഷണം നടത്തിയ വ്യക്തി എങ്ങനെയാണ് പരിഹാരം ചെയ്യേണ്ടത്?

18. ലൈംഗിക വിശുദ്ധി പാലിക്കാൻ സഹായകമായ കാര്യങ്ങൾ ഏവ?

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

19. മൂലപാപങ്ങളും അവയ്ക്കെതിരായ പുണ്യങ്ങളും – ആദ്യത്തെ നാല് എണ്ണം മാത്രം എഴുതുക.

20. മിലേനിയൽ സെയിന്റ് എന്ന് വിളിക്കപ്പെടുന്ന വിശുദ്ധൻ?

21. വചനം പൂർത്തിയാക്കുക. സങ്കീർത്തനങ്ങൾ 146:5, "യാക്കോബിന്റെ ദൈവം ..........."

22. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'ഗോതമ്പ്കതിരും അപ്പവും, മുന്തിരിയും കാസയും' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

23. കർത്താവിന്റെ ദിനമായ ഞായറാഴ്ചയുടെ പ്രസക്തി – ആ ദിനം ആചരിക്കേണ്ട മൂന്നുവിധങ്ങൾ – ഞായറാഴ്ചയെ എങ്ങനെ പരസ്പര ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും ദിനം ആക്കി മാറ്റാം – എന്നിവ 'കർത്താവിന്റെ ദിവസം' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

24. ലൈംഗികത ശക്തിയേറിയ സർഗ്ഗശേഷിയാണ്. അവയുടെ നന്മ തിന്മകൾ തിരിച്ചറിഞ്ഞ് നല്ല ലൈംഗിക അവബോധം വളർത്താൻ സഹായകമായ കാര്യങ്ങൾ എന്തെല്ലാമാണെന്ന് ഉപപാഠ പുസ്തകത്തിലെ 'Do's & Dont's' എന്ന പാഠത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

25. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# Semester 1 2025-2026
# STD VII

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക

1. **നീതി 8/46/1**
2. **ഞായർ 4/27/2**
3. **മാതാപിതാക്കൾ 5/32/3**
4. **ആരാധന 2/17/2**
5. **മോശ 1/10/4 line**
6. **കൗമാരം ഉപ 4/13/1**
7. **മിശിഹാ 7/42/3**
8. **ഭ്രൂണഹത്യ 6/38/3**
9. **ഇസ്രായേൽ 3/23/2 line**
10. **ദൈവീക പദ്ധതി ഉപ 3/10/4**

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക

11. **2/16/4**

    വിശ്വാസവും പ്രത്യാശയും സ്നേഹവും

12. **5/32/3**

    മറിയത്തിനും യൗസേപ്പിനും വിധേയനായി

13. **3/21/2**

    നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റ് നടക്കുക.

14. **1/10/3**

    അടിസ്ഥാനം സ്നേഹം. ദൈവസ്നേഹവും സഹോദരസ്നേഹവുമാണ് സാരാംശം.

15. **7/41/3**

    സ്ത്രീയോ പുരുഷനോ ആയിരിക്കുക എന്നതാണ്.

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക

16. **6/39/3**

    മനുഷ്യന് അവൻ ജീവിക്കുന്ന പരിസ്ഥിതിയോട്

    ...............

    ജീവന് എതിരെയുള്ള തിന്മകളാണ്.

17. **8/47/5**

    മോഷണം നടത്തിയാൽ മോഷ്ടിച്ച വസ്തു

    ...............

    രഹസ്യമായെങ്കിലും ചെയ്യേണ്ടതാണ്.

18. **7/43/1**

ബോക്സിനകത്ത് നൽകിയിരിക്കുന്ന 8 കാര്യങ്ങൾ.

## D. നമസ്കാരങ്ങൾ/ സത്യദീപം/ ബൈബിൾ/ ലോഗോ

19. നിഗളം - എളിമ

ദ്രവ്യാഗ്രഹം - ഔദാര്യം

മോഹം - അടക്കം

കോപം - ക്ഷമ

20. കാർലോ അക്യുത്തിസ്

21. സങ്കീർത്തനങ്ങൾ 146:5 :- യാക്കോബിൻെറ ദൈവം തുണയായിട്ടുള്ളവൻ, തൻെറ ദൈവമായ കർത്താവിൽ പ്രത്യാശ വയ്ക്കുന്നവൻ, ഭാഗ്യവാൻ.

22. **ഗോതമ്പു കതിരും അപ്പവും, മുന്തിരിയും കാസയും:** പ്രത്യാശയുടെ സ്രോതസ്സാണ് കൂദാശകളുടെ കൂദാശയായ വിശുദ്ധ കുർബാന. അനുദിന ബലിയർപ്പണത്തിലൂടെ നാം രക്ഷകനായ ഈശോയെ കണ്ടെത്തണം.

## E. ഒരു പേജിൽ കുറയാതെ ഉത്തരം എഴുതുക

23. **4/26-28** 'കർത്താവിന്റെ ദിവസം'

- ഞായറാഴ്ച കർത്താവിന്റെ ദിനം
- ഞായറാഴ്ച ആചരിക്കേണ്ട പ്രധാന മൂന്നുവിധങ്ങൾ -

24. **ഉപപാഠം 3/8-9** 'Do's & Dont's' എന്ന പാഠം.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**03/11/2024** — **മാർക്ക് - 50**

**10.30 A.M. - 12.30 P.M.** — **STD - VII** — **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10**

| | | |
|---|---|---|
| * സ്നേഹം | * കല്പനകൾ | * മനുഷ്യന് |
| * ആരാധന | * കർത്താവിന്റെ ദിനം | * ഉൽപത്തി 1:27 |
| * ആബാ | * ഉൽപത്തി 1:17 | * നിരാശ |
| * ഉത്തമ കുടുംബം | * ലൈംഗീകത | * വി. ജെറോം |
| * ആറാം പ്രമാണത്തിന്റെ | * മൂന്നാം പ്രമാണത്തിന്റെ | * വി. തോമസ് അക്വീനാസ് |

1. മാതാപിതാക്കളും മക്കളും സ്നേഹിച്ചും സഹകരിച്ചും കഴിയുന്ന കുടുംബങ്ങളെ എന്തുവിളിക്കുന്നു?
2. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഞായറാഴ്ച ആചരണത്തെക്കുറിച്ച് എഴുതിയ അപ്പസ്തോലിക ലേഖനം ഏത്?
3. ദൈവപ്രമാണങ്ങളുടെ അടിസ്ഥാനം എന്ത്?
4. ദൈവത്തോളം ഉയർന്ന് സൃഷ്ടികർമ്മത്തിൽ പങ്കുകാരാകാൻ മനുഷ്യനു ലഭിച്ച ദൈവീകസമ്മാനം എന്ത്?
5. "ഓരോരുത്തർക്കും അവകാശപ്പെട്ടത് നൽകാൻ ഒരുവനെ പ്രേരിപ്പിക്കുന്ന പുണ്യമാണ് നീതി." ആരുടെ വാക്കുകൾ?
6. കുടുംബങ്ങളുടെയും വ്യക്തികളുടെയും വിശുദ്ധി സംരക്ഷിക്കുക എന്നത് ഏത് പ്രമാണത്തിന്റെ ഉദ്ദേശ്യമാണ്?
7. പ്രപഞ്ചത്തിൽ നന്മതിന്മകൾ തെരഞ്ഞെടുക്കാൻ സാധിക്കുന്നത് ആർക്കാണ്?
8. പ്രത്യാശയ്ക്ക് എതിരായ പാപം ഏത്?
9. ദൈവത്തിന് മാത്രം അവകാശപ്പെട്ടത് എന്ത്?
10. "ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു." ബൈബിൾ വാക്യം ഏത്?
11. ദൈവത്തെ അറിയാനും സ്നേഹിക്കാനും സേവിക്കാനും അങ്ങനെ സ്വർഗ്ഗത്തിൽ എത്തിച്ചേരാനും നമ്മെ സഹായിക്കുന്നത് എന്ത്?
12. ഈശോ പിതാവിനോട് സംസാരിക്കാൻ ഉപയോഗിച്ചിരുന്ന ലളിതവും ഹൃദ്യവുമായ പദം ഏത്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5

13. സാബത്തിനെക്കുറിച്ചുള്ള തെറ്റായ മനോഭാവത്തെ ഈശോ തിരുത്തിയത് എങ്ങനെ?
14. ദൈവപ്രമാണങ്ങളുടെ സാരാംശം എന്ത്?
15. നമ്മുടെ നീതിബോധത്തിന്റെ അടിസ്ഥാനം എന്താകണമെന്നാണ് ഈശോ ആഗ്രഹിക്കുന്നത്?
16. ദൈവീക പുണ്യങ്ങൾ ഏവ?
17. നസ്രത്തിലെ തിരുക്കുടുംബം നമ്മെ പഠിപ്പിക്കുന്നതെന്ത്?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

18. എന്താണ് ലൈംഗീക വിശുദ്ധി?
19. ലഹരി വസ്തുക്കളുടെ ഉപയോഗം തിന്മയാണ്. എന്തുകൊണ്ട്?
20. മക്കൾക്ക് മാതാപിതാക്കളോടുള്ള കടമകൾ ഏവ?

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

21. 'അന്ത്യ അത്താഴം' എന്ന വിഖ്യാതമായ ചിത്രം വരച്ച ചിത്രകാരൻ ആര്?
22. തിരുസഭയുടെ കല്പനകളിൽ രണ്ടാമത്തെ കല്പന എഴുതുക.
23. വചനം പൂർത്തിയാക്കുക. ഏശയ്യാ 65:24, "വിളിക്കും മുൻപേ .........."
24. 2024–2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യം 'പ്രാർത്ഥനയിൽ വളരാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'വി. കുരിശ്' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

25. 'ഏറ്റവും ശക്തമാണ് ദൈവനാമം.' ദൈവനാമത്തെ മഹത്വപ്പെടുത്തി ദൈവത്തിന്റെ ശക്തി മനസ്സിലാക്കാനും അനുഭവിക്കാനും എങ്ങനെ സാധിക്കുമെന്ന് 'ദൈവനാമം ആരാധ്യനാമം' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.
26. ജീവിതത്തിന്റെ വസന്തകാലമായ കൗമാരത്തിൽ ആയിരിക്കുന്ന നിങ്ങൾക്ക് ശാരീരികവും മാനസീകവുമായ മാറ്റങ്ങൾ ഉൾക്കൊണ്ട് മാനസീകാരോഗ്യത്തോടെ ജീവിക്കാൻ ആവശ്യമായ കാര്യങ്ങൾ എന്തൊക്കെയാണെന്ന് ഉപപാഠ പുസ്തകത്തെ ആസ്പദമാക്കി എഴുതുക.

**(അല്ലെങ്കിൽ)**

കുട്ടികളുടെ ഇടയിൽ ലഹരിവസ്തുക്കളുടെ ഉപയോഗം കൂടിവരുന്നു. ഇതിന്റെ ഫലമായി കുട്ടികളുടെ ഭാവി നശിക്കുകയും മാതാപിതാക്കളും സഹോദരങ്ങളും ദുഃഖത്തിലാവുകയും ചെയ്യുന്നു. സമൂഹത്തെ നശിപ്പിക്കുന്ന ഈ തിന്മയിൽ നിന്നും മോചനം നേടുന്നതിന് എന്ത് ചെയ്യാനാകുമെന്ന് വിവരിക്കുക.

27. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# STD-VII

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (10 എണ്ണം)

1) ഉത്തമ കുടുംബം (പാഠം 5, പേജ് 32, പാര 2)
2) കർത്താവിന്റെ ദിനം (പാഠം 4, പേജ് 27, പാര 2)
3) സ്നേഹം (പാഠം 1, പേജ് 10, പാര 3)
4) ലൈംഗീകത (ഉപപാഠം 2, പേജ് 17, പാര 1)
5) വി. തോമസ് അക്വീനാസ് (പാഠം 8, പേജ് 46, പാര 2)
6) ആറാം പ്രമാണത്തിന്റെ (പാഠം 7, പേജ് 42, പാര 2)
7) മനുഷ്യന് (ഉപപാഠം 3, പേജ് 8, പാര 1)
8) നിരാശ (പാഠം 2, പേജ് 17, പാര 1)
9) ആരാധന(പാഠം 2, പേജ് 17, പാര 2)
10) ഉൽപത്തി 1: 27 (പാഠം 6, പേജ് 40)
11) കല്പനകൾ (പാഠം 1, പേജ് 12, പാര 2)
12) ആബാ (പാഠം 3, പേജ് 21, പാര 1)

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക

13) സാബത്തിൽ രോഗശാന്തി നൽകികൊണ്ട് നന്മ ചെയ്യുന്നത് സാബത്തിന് ചേർന്നതാണെന്ന് അവിടുന്ന് തെളിയിച്ചു (പാഠം 4, പേജ് 26, പാര 4)
14) ദൈവസ്നേഹവും സഹോദര സ്നേഹവും (പാഠം 1, പേജ് 10, പാര 3)
15) പാഠം 8, പേജ് 46, പാര 3
16) വിശ്വാസം, പ്രത്യാശ, സ്നേഹം (പാഠം 2, പേജ് 16, പാര 4)
17) ഒരു ക്രൈസ്തവ കുടുംബം എപ്രകാരമായിരിക്കണമെന്ന്. (പാഠം, പേജ് 32, പാര 3)

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക

18) പാഠം 7, പേജ് 42, പാര 1
19) പാഠം 6, പേജ് 38, പാര 5
20) പാഠം 5, പേജ് 32, പാര 4

## D. നമസ്ക്കാരങ്ങൾ/ സത്യദീപം/ ബൈബിൾ / ലോഗോ

21) ലിയനാർഡോ ഡാവിഞ്ചി (സത്യദീപം, സെപ്തംബർ 25, പേജ് 08)
22) തിരുസഭയുടെ കല്പനകൾ (നമസ്കാരങ്ങൾ 10)
23) ഏശയ്യ 65:24 (ജൂലൈ 7, വചനദീപം പേജ് 25)
24) വി. കുരിശ് (വചനദീപം, പേജ് 10)

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക

25) പാഠം 3 'ദൈവനാമം ആരാധ്യനാമം'
ദൈവനാമത്തിന്റെ പ്രയോഗം
വിശുദ്ധമായവയെ ആദരിക്കുക
ക്രിസ്തീയ നാമങ്ങൾ

26) ഉപപാഠപുസ്തകം പാഠം 4.

or

പൊതു ചോദ്യം

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**08/10/2023** **മാർക്ക് – 50**

**10.30 A.M. - 12.30 P.M.** **STD - VII** **സമയം – 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

* വിശ്വാസം
* വിശുദ്ധി
* അപ്പ 5:12
* നിരീശ്വരവാദം
* വിശ്വാസവും, സ്നേഹവും
* അപ്പ 4:12
* ദുഃഖവെള്ളി
* ഞായറാഴ്ച്ച
* ഇസ്രായേൽ
* മൂന്ന്
* വിശുദ്ധർ
* രണ്ട്
* പുതിയ നിയമത്തിൽ
* നാല്
* പ്രാർത്ഥനയും, ആരാധനയും

1. മാമ്മോദീസ സ്വീകരിച്ചവരെല്ലാം വിളിക്കപ്പെട്ടിരിക്കുന്നത് എന്തിലേക്കാണ്?
2. പഴയ നിയമത്തിൽ ദൈവം നൽകിയ പ്രമാണങ്ങൾ പൂർത്തികരിക്കുന്നത് എന്തിലാണ്?
3. ദൈവത്തിന്റെ അസ്ഥിത്വത്തെ തള്ളിക്കളയുകയോ നിഷേധിക്കുകയോ ചെയ്യുന്നതിനെ വിളിക്കുന്നതെന്ത്?
4. "ആകാശത്തിനു കീഴെ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കു വേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല." ബൈബിൾ ഭാഗം എഴുതുക.
5. സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിനു തന്റെ സമ്പൂർണ്ണ സമർപ്പണത്തിലൂടെ മനുഷ്യൻ നൽകുന്ന പ്രത്യുത്തരമെന്താണ്?
6. എത്രാമത്തെ പ്രമാണമാണ് ക്രിസ്തീയമായ പേരുകൾ ഉണ്ടായിരിക്കുകയും അവ ഉപയോഗിക്കുകയും ചെയ്യണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നത്?
7. നമ്മുടെ വിശ്വാസത്തിന്റെ പ്രകാശനങ്ങളേവ?
8. ഏതു ജനത്തിന്റെ സമഗ്രമായ വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടിയാണ് ദൈവപ്രമാണങ്ങൾ നൽകിയത്?
9. ദിവസങ്ങളുടെ ദിവസമെന്ന് സഭ വിശേഷിപ്പിക്കുന്നത് ഏത് ദിവസത്തെയാണ്?
10. സീനായ്മലയിൽ വച്ച് ദൈവം മോശയ്ക്കു നൽകിയ കല്പനകളിൽ സാബത്തിനെക്കുറിച്ചുള്ള കല്പന എത്രാമത്തേതാണ്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5

11. ക്രൈസ്തവ ജീവിതത്തിന്റെ ദൈവിക പുണ്യങ്ങളേവ?
12. കൊല്ലരുതെന്ന പ്രമാണം മുന്നോട്ടു വയ്ക്കുന്ന ലക്ഷ്യമെന്താണ്?
13. മാമ്മോദീസ പേരുകൾ നമ്മെ എങ്ങനെ സഹായിക്കുന്നു?

14. നാലാം പ്രമാണത്തിന്റെ പരിധിയിൽപ്പെടുന്നവർ ആരെല്ലാം?

15. ലൈംഗികതയുടെ അടിസ്ഥാനം എന്ത്?

**C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക** **2X3=6**

(പാഠഭാഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉത്തരങ്ങൾ എഴുതിയാലും മതിയാകും.)

16. ജീവൻ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഏവ?

17. കല്പനകൾ എന്തിനെല്ലാം നമ്മെ സഹായിക്കുന്നു?

18. നാലാം പ്രമാണത്തെക്കുറിച്ച് പ്രബോധനം നൽകുന്ന പഴയ നിയമത്തിലെ രണ്ട് വചനമെഴുതുക?

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

19. ആരാണ് 'ലൂമെൻ എക്ലേസിയെ' അഥവാ 'സഭയുടെ വെളിച്ചം' എന്ന അപ്പസ്തോലിക പ്രബോധനം എഴുതിയത്?

20. ദൈവവചനം എഴുതുക. സങ്കീർത്തനം 27:13 "ജീവിക്കുന്നവരുടെ......."

21. വിശുദ്ധ കുർബാനയുടെ ആരംഭത്തിലെ 'അത്യുന്നതമാം സ്വർല്ലോകത്തിൽ...' എന്ന കീർത്തനത്തിന്റെ പ്രത്യുത്തരമെന്താണ്?

22. 2023-2024 വിശ്വാസപരിശീലനവർഷത്തിന്റെ ആപ്തവാക്യം 'നന്മയിൽ വളരാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ഈ വർഷത്തെ ലോഗോയിൽ കാണുന്ന 'തുറന്നിരിക്കുന്ന വി. ഗ്രന്ഥം' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

(ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ഉൾപ്പെടുത്തി ചോദ്യങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉപന്യാസം തയ്യാറാക്കുക.)

23. കർത്താവിന്റെ ദിവസമായ ഞായറാഴ്ച്ചയുടെ പ്രാധാന്യവും അതിന്റെ ആചരണത്തിൽ ഉണ്ടായിരിക്കേണ്ട മനോഭാവവും നാലാം പാഠത്തെ മുൻനിർത്തി വിവരിക്കുക.

24. ഈശോ നിരന്തരം പ്രാർത്ഥിച്ചിരുന്ന വ്യക്തിയായിരുന്നുവെന്ന് ബൈബിൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. നിരന്തരം പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വ്യക്തിപരമായ പ്രാർത്ഥനയുടെയും കുടുംബ പ്രാർത്ഥനയുടെയും പശ്ചാത്തലത്തിൽ വിവരിക്കുക.

25. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

എറണാകുളം-അങ്കമാലി അതിരൂപത
വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

02/10/2022 | മാർക്ക് – 50
10.30 A.M. - 12.30 P.M. **STD - VII** സമയം – 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക 1X5=5

1. സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന് തന്റെ സമ്പൂർണ സമർപ്പണത്തിലൂടെ മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ്

   1. ശരണം 2. വിശ്വാസം 3. കൂദാശകൾ

2. ജീവനെ സംരക്ഷിക്കാനും വളർത്താനുമുള്ള വലിയ ഉത്തരവാദിത്വം കൂടി നമുക്കുണ്ടെന്ന് ഓർമ്മിപ്പിക്കുന്ന ദൈവപ്രമാണം ഏത്?

   1. അഞ്ചാം പ്രമാണം 2. ഏഴാം പ്രമാണം 3. മൂന്നാം പ്രമാണം

3. ദൈവപ്രമാണങ്ങളുടെ അടിസ്ഥാനം എന്താണ്?

   1. പ്രത്യാശ 2. സ്നേഹം 3. വിശ്വാസം

4. ക്രിസ്തുവിന്റെ സഭയെ കത്തോലിക്കാ സഭ എന്ന് ആദ്യമായി വിളിച്ചത് ആര്?

   1. അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് 2. വി. ഇരണേവൂസ്
   3. വി. അഗസ്റ്റിൻ

5. മാമ്മോദീസ നൽകപ്പെടുന്നത് ആരുടെ നാമത്തിലാണ്?

   1. പരിശുദ്ധാത്മാവ് 2. യേശു 3. പരിശുദ്ധ ത്രിത്വം

## B. പൂരിപ്പിക്കുക 1X5=5

6. മനുഷ്യൻ ജീവന്റെ ------ മാത്രമാണ്.
7. ഓരോരുത്തർക്കും അവകാശപ്പെട്ടത് നൽകാൻ ഒരുവനെ പ്രേരിപ്പിക്കുന്ന പുണ്യമാണ് --------.
8. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഞായറാഴ്ച ആചരണത്തെക്കുറിച്ച് എഴുതിയ അപ്പസ്തോലിക ലേഖനമാണ് --------.
9. കുടുംബങ്ങളുടെയും വ്യക്തികളുടെയും വിശുദ്ധി സംരക്ഷിക്കുകയാണ് -------- ന്റെ ഉദ്ദേശ്യം.
10. "എന്റെ ------ നിങ്ങൾ കച്ചവടസ്ഥലമാക്കരുത്". (യോഹന്നാൻ 2:16)

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക** **2X6=12**

11. സീറോമലബാർ സഭയിലെ കടപ്പെട്ട ദിവസങ്ങൾ ഏതെല്ലാം?
12. വിശുദ്ധരോടുള്ള വണക്കം വിഗ്രഹാരാധന ആകുന്നില്ല. എന്തുകൊണ്ട്?
13. സമ്പത്ത് ദൈവികദാനമാണ്. വിവരിക്കുക.
14. സുവിശേഷഭാഗ്യങ്ങളിൽ 4 എണ്ണം എഴുതുക.
15. ജീവൻ സംരക്ഷിക്കേണ്ടത് മനുഷ്യന്റെ പ്രധാനപ്പെട്ട കടമയാണ്. എന്തുകൊണ്ട്?
16. 2022–2023 വിശ്വാസപരിശീലനവർഷത്തിന്റെ ആപ്തവാക്യം 'ഒപ്പം നടക്കാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ഈ വർഷത്തെ ലോഗോയിൽ കാണുന്ന 'നീല നിറം' എന്തിനെ സൂചിപ്പിക്കുന്നു? വിശദമാക്കുക.

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക 4x2=8**

17. കർത്താവിന്റെ ദിനമായ ഞായറാഴ്ച നാം ആചരിക്കേണ്ടത് എങ്ങനെ?
18. ലൈംഗികവിശുദ്ധി പാലിച്ച് ജീവിക്കാൻ സഹായകമായ കാര്യങ്ങൾ ഏവ?
19. മക്കളുടെ കടമകളെക്കുറിച്ച് നാലാം പ്രമാണം നമ്മെ ഓർമ്മപ്പെടുത്തുന്നത് എന്ത്?

**E. രണ്ട് ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5**

20. ദൈവപ്രമാണങ്ങളുടെ അടിസ്ഥാനം സ്നേഹമാണ്. ദൈവസ്നേഹവും സഹോദരസ്നേഹവുമാണ് ദൈവകല്പനകളുടെ സാരാംശം. ദൈവപ്രമാണങ്ങൾ അനുസരിച്ച് നിത്യജീവന് എങ്ങനെ അവകാശികളാകാമെന്ന് ധനികനായ യുവാവിനെക്കുറിച്ചുള്ള ബൈബിൾ ഭാഗത്തെയും (മത്തായി 19:16) പാഠഭാഗങ്ങളെയും ആസ്പദമാക്കി വിവരിക്കുക.
21. നമ്മുടെ ചുറ്റുപാടുകളിൽ ലഹരിവസ്തുക്കളുടെ ഉപയോഗവും ലഭ്യതയും വർദ്ധിച്ചുവരുന്നുണ്ട്. ഇവ ഉപയോഗിക്കുവാനുള്ള സാഹചര്യങ്ങളിലും പ്രലോഭനങ്ങളിലും വീഴാതിരിക്കാൻ എന്തെല്ലാം ജാഗ്രതാനടപടികളാണ് നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്? ഇവയുടെ ഉപയോഗത്താൽ സ്വന്തം ജീവിതത്തിനും സമൂഹത്തിനും വരുത്തിവയ്ക്കുന്ന വിനകൾ എന്തൊക്കെയാണെന്ന് നിങ്ങൾക്കറിയാമോ? വിശദമാക്കുക.

22. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# STD VII

## A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. വിശ്വാസം (പാഠം 2, പേജ് 16, പാര. 5)
2. അഞ്ചാം പ്രമാണം (പാഠം 6, പേജ് 39, പാര. 4)
3. സ്നേഹം (പാഠം 1, പേജ് 10, പാര. 4)
4. അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് (സത്യദീപം, ജൂൺ 8, പേജ് 9)
5. പരിശുദ്ധ ത്രിത്വം (പാഠം 3, പേജ് 23, പാര. 1)

## B. പൂരിപ്പിക്കുക

6. കാര്യസ്ഥൻ (പാഠം 6, പേജ് 37)
7. നീതി (പാഠം 8, പേജ് 46, പാര. 2)
8. കർത്താവിന്റെ ദിനം (പാഠം 4, പേജ് 27, പാര. 2)
9. ആറാം പ്രമാണത്തിന്റെ (പാഠം 7, പേജ് 42, പാര. 2)
10. പിതാവിന്റെ ആലയം (യോഹ. 2:16) (ബൈബിൾ)

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക

11. പാഠം 4, പേജ് 29, പാര. 3
12. പാഠം 2, പേജ് 17-18
13. പാഠം 8, പേജ് 45
14. നമസ്കാരങ്ങൾ 20
15. പാഠം 6, പേജ് 36,37
16. ലോഗോ

## D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക.

17. പാഠം 4, പേജ് 28
18. പാഠം 7, പേജ് 43
19. പാഠം 5, പേജ് 32,33

## E. രണ്ട് ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക.

20. പാഠം 1, പേജ് 10-12

21.